**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5304 — 27.07.2015-ൽ മറുപടിയ്ക്ക്

## സ്കൂൾ മേഖലകളിൽ റോഡ് സുരക്ഷ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എ.റ്റി.ജോർജ്**<br>**,, അൻവർ സാദത്ത്**<br>**,, വി.റ്റി.ബൽറാം**<br>**,, വി.ഡി.സതീശൻ** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സ്കൂൾ മേഖലകൾ തെരഞ്ഞെടുത്ത് റോഡ് സുരക്ഷ കാര്യക്ഷമമാക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത് ; | (ബി) | സ്കൂൾ മേഖലകളിലെ അപകടങ്ങൾ ഒഴിവാക്കി കുട്ടികളുടെ സുരക്ഷ പരമാവധി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യമാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്. |
| (സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തത് ? | (സി) | പൊതുമരാമത്ത് വകുപ്പ്, സ്കൂൾ മേഖല നവീകരിക്കുന്നതിനായി ആദ്യഘട്ടം എന്ന നിലയിൽ 40 സ്കൂൾ മേഖലകൾ അപകടവിമുക്തമാക്കുന്നതിനായി 1.6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ, ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച് 360 സ്കൂൾ മേഖലകൾ നവീകരിക്കുന്നതിനായി 14.4 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് റോഡ് സുരക്ഷാ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്. |

(signature)

**സെക്ഷൻ ഓഫീസർ**